
## 3

# മണവും മധുരവും

അമ്മുപ്പൂമ്പാറ്റ
ചിറകുകൾ വിടർത്തി.
പല വർണങ്ങൾ.
ചുവപ്പ്, മഞ്ഞ, നീല.
പല നിറത്തിലുള്ള പുള്ളികൾ.
അവൾ പറന്നുപറന്ന്
പൂന്തോട്ടത്തിൽ എത്തി.
നിറയെ പൂക്കൾ.
എല്ലാം വെള്ളപ്പൂക്കൾ.





ഇതെന്താ എല്ലാവർക്കും വെള്ളനിറം?

''അറിയില്ല. വിരിഞ്ഞപ്പോഴേ
ഞങ്ങൾ ഇങ്ങനെയാണ്.''

''ഹായ് നോക്കൂ...
ഈ പൂമ്പാറ്റയ്ക്ക് എന്തു ചന്തം''
പൂക്കൾ ഒന്നിച്ചു പറഞ്ഞു.




അമ്മൂ, വരൂ വരൂ
എന്റെ അടുത്തു വരൂ.
എന്തിനാണ്?
നിന്റെ പുള്ളിയുടുപ്പ്
ഒന്നു കാണട്ടെ.
ഇതാ
കണ്ടോളൂ.
ഹേയ് അമ്മൂ...
ഇത്തിരി നിറം
എനിക്കു തരുമോ?
ഓ... തരാമല്ലോ.

## അഴകുള്ള പൂക്കൾ

വെളുത്ത ചെമ്പരത്തി ചുവന്നു.
ചെമ്പരത്തിക്ക് ചന്തം വന്നു.
അതു കണ്ട് മറ്റു പൂക്കൾക്കും മോഹം.
‘‘ഞങ്ങൾക്കും വേണം,
ഞങ്ങൾക്കും വേണം.’’
അമ്മു മറ്റു പൂക്കൾക്കും നിറം നൽകി.
പൂക്കൾ കാറ്റിൽ ആടി രസിച്ചു.
പൂക്കൾക്ക് സന്തോഷമായി.
ഒരാൾക്കു മാത്രം സങ്കടം.







## നിറം നോക്കി വരച്ചു യോജിപ്പിക്കാം



ജമന്തി



ശംഖുപുഷ്പം




മുല്ലപ്പൂ

മഞ്ഞ


വെള്ള

നീല

ചുവപ്പ്



ആമ്പൽ



കണിക്കൊന്ന



പനിനീർപ്പൂവ്



ചെമ്പരത്തി

## പറയാം

- നിങ്ങൾക്ക് എത്ര പൂക്കളുടെ പേരറിയാം?
- ഏതു പൂവാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടം?
  ആ പൂവിനെക്കുറിച്ച് എന്തൊക്കെ പറയാം?



നല്ല മുല്ലപ്പൂവ്
വെള്ള ..............പ്പൂവ്
വള്ളിയിൽ ..............പ്പൂവ്
മണമുള്ള ................പ്പൂവ്

## പാടി രസിക്കാം

ചന്തമുള്ള മല്ലിക
ചന്തു നട്ട മല്ലിക
എന്തു നല്ല മല്ലിക!

## വരികൾ ചേർത്തു പാടാം

നീല നിറത്തിൽ കാക്കപ്പൂ
മഞ്ഞ നിറത്തിൽ ...................
വെള്ള നിറത്തിൽ ...................
ചേലേറുന്നൊരു ആമ്പൽപ്പൂ




## മഴവില്ലിന്റെ സമ്മാനം

നിറം നൽകി നൽകി
അമ്മുവിന്റെ നിറമെല്ലാം പോയി.
"പാവം അമ്മു."
പൂക്കൾ സങ്കടത്തോടെ പറഞ്ഞു.
ആകാശത്തുനിന്ന്
മഴവില്ല് ഇതു കണ്ടു.
പൂമ്പാറ്റയ്ക്കു നിറം കൊടുത്തു.
അവൾ സുന്ദരിയായി.
പൂക്കൾക്ക് സന്തോഷമായി.
അവർ അമ്മുവിന് ആവോളം
പൂന്തേൻ നൽകി.

## നിറം കൊടുക്കാം

## എഴുതാം



നിറമുള്ള പൂമ്പാറ്റ.

ചിറകുള്ള.............................

...........................................

ചന്തമുള്ള പൂമ്പാറ്റ.



## പാടാം രസിക്കാം


### മഴവില്ലാണോ നിന്നമ്മ

പൂവുകൾ തെണ്ടും പൂമ്പാറ്റ
പൂമ്പൊടി പൂശും പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
പൂവിൽ മയങ്ങും പൂമ്പാറ്റ
എന്തു വെളിച്ചം പൂമ്പാറ്റേ
എന്തു തെളിച്ചം പൂമ്പാറ്റേ
മുങ്ങാം പൊങ്ങാം കുളിർനിഴലിൽ
നീന്താം മറിയാം പൊൻവെയിലിൽ
ഒന്നു തൊടട്ടേ നിൻ ചിറകിൽ
നിന്നു തരാമോ നീയരികിൽ
മഴവില്ലാണോ നിന്നമ്മ
തരുമോ നീയൊരു കുഞ്ഞുമ്മ

– ജി. ശങ്കരക്കുറുപ്പ്







## എഴുതാം

നീന്തി – നീന്താം
മുങ്ങി – മുങ്ങാം
പൊങ്ങി – പൊങ്ങാം
ചൂടി – ............................
ചാടി – ............................
ആടി – ............................





## തേനൂറും മാമ്പഴം

തേൻ നുകർന്ന് കുമ്പ നിറഞ്ഞു. അമ്മു പറന്നു.

ഉയർന്നുയർന്ന് പറന്നു.

ചരിൽ... ചരിൽ... ചരിൽ

അതാ കുഞ്ഞനണ്ണാൻ എന്തോ തിന്നുന്നു.

അമ്മു അങ്ങോട്ടു ചെന്നു.

അമ്മു : നീ എന്താ തിന്നുന്നത്?

കുഞ്ഞനണ്ണാൻ : ......................................

അമ്മു : എനിക്കും തരാമോ?

അണ്ണാൻ : ..............................

അണ്ണാൻ : കിങ്ങിണിക്കാട്ടിൽ പോയാൽ
പലതരം പഴങ്ങൾ കിട്ടും.

അമ്മു : ഏതെല്ലാം പഴങ്ങൾ?

അണ്ണാൻ : ..........................................

അണ്ണാൻ പറഞ്ഞ പഴങ്ങൾ ഏതെല്ലാമായിരിക്കും?

‘‘കിങ്ങിണിക്കാട്ടിൽനിന്ന്
പോകാനേ തോന്നുന്നില്ല.’’
അമ്മു പറഞ്ഞു.

‘‘എന്നും പഴം തിന്നാൻ
ഒരു തോട്ടമുണ്ടാക്കാം.’’
കുഞ്ഞനണ്ണാൻ പറഞ്ഞു.
അവർ വിത്തു നട്ടു.
വെള്ളമൊഴിച്ചു.
വിത്തു മുളച്ചു.
ചെടി വളർന്നു.



## ചെടി വരച്ചു പൂർത്തിയാക്കാം








## പാടാം രസിക്കാം

അമ്മയിലും
ഉമ്മയിലും
മ്മ


മുല്ലയിലും
മല്ലിയിലും
ല്ല

പന്തലിലും
ചന്തയിലും
ന്ത

തുമ്പയിലും
തുമ്പിയിലും
മ്പ

..........................
........................
ള്ള

## കടങ്കഥ



- ചെടിയിൽ കായ, കായമേൽ ചെടി
- അകത്തറുത്താൽ പുറത്തറിയാം



## പഴം പഴം മുത്തശ്ശി

അമ്മാളുമുത്തശ്ശി പഴങ്ങൾ പറിച്ച്

സഞ്ചിയിലാക്കി.

മുത്തശ്ശി ആവണിക്കും സുഹ്റയ്ക്കും

മണമുള്ള മാമ്പഴം നൽകി.

''ഹായ് എന്തു മധുരം!'' സുഹ്റ പറഞ്ഞു.

''പഴം പഴം മുത്തശ്ശി''

ഹേമന്തും മണിയും ഓടിയെത്തി.

മുത്തശ്ശി അവർക്കും മാമ്പഴം കൊടുത്തു.

## വരികൾ കൂട്ടിച്ചേർത്തു പാടാം

നല്ലത് നല്ലത് കുട്ട്യോളേ

മാങ്ങ നല്ലത് കുട്ട്യോളേ

നല്ലത് നല്ലത് കുട്ട്യോളേ

പപ്പായ നല്ലത് കുട്ട്യോളേ

..............................................



## കളങ്ങളിൽ ആരൊക്കെ?

| | | | | | | |
|---|---|---|---|---|---|---|
| ഹ | കാ | സ | ട | ആ | പ്പി | ൾ |
| ച | ക്ക | ള | ചെ | മ്പ | കം | സ |
| അ | പ്പൂ | മാ | മ്പ | ഴം | ല | പ്പോ |
| ത്തി | വ് | അ | ര | ളി | നാ | ട്ട |
| പ്പ | ന | ത | ത്തി | പേ | ര | ക്ക |
| ഴം | ആ | മ്പ | ൽ | വ | ങ്ങ | ഴ |

കളങ്ങളിൽനിന്ന് പൂക്കളും പഴങ്ങളും കണ്ടെത്തി എഴുതൂ.

## നിറം കൊടുക്കാം



## കഥ കേൾക്കാം

# പുളിയൻ മുന്തിരിങ്ങ



നല്ല പഴുത്ത മുന്തിരിങ്ങയുടെ മണം.
കേളുക്കുറുക്കന് സന്തോഷമായി.
അവന്റെ വായിൽ വെള്ളമൂറി.
അവൻ പമ്മിപ്പമ്മി തോട്ടത്തിലെത്തി.
മുന്തിരിക്കുലയെല്ലാം വളരെ ഉയരത്തിലാണ്.
എങ്ങനെ കിട്ടും? കുറുക്കച്ചാർ ചിന്തിച്ചു.
കൊതി അടക്കാൻ വയ്യ.
അവൻ മുന്തിരിക്കുലയ്ക്കു
നേരെ വായും പൊളിച്ചു ചാടി.




എത്ര ചാടിയിട്ടും
മുന്തിരിക്കുലയുടെ
അടുത്തെത്താൻ സാധിച്ചില്ല.
ഈ കാഴ്ച കണ്ട് ചോണനുറുമ്പിനും
ചിലന്തിക്കും ചിരിയടക്കാൻ കഴിഞ്ഞില്ല.
നാണംകെട്ട കേളു മുന്തിരിക്കുല നോക്കി പറഞ്ഞു:
''ആർക്കുവേണം ഈ പുളിയൻ മുന്തിരിങ്ങ.''

## കഥപറയാം

പുറത്തിറങ്ങിയ കുറുക്കച്ചാർ കറമ്പിക്കാക്കയെ കണ്ടു.
കറമ്പി പറഞ്ഞു:
''കുറുക്കച്ചാ, അങ്ങനെ തോറ്റുമടങ്ങരുത്.''
കേളുക്കുറുക്കൻ വീണ്ടും ആലോചിച്ചു.
അവനൊരു സൂത്രം തോന്നി.
എന്നിട്ടോ?

## പദങ്ങൾ ചേർത്ത് വാക്യം എഴുതൂ




...................... വിരിഞ്ഞു.

...................... കറക്കി.

...................... പറിച്ചു.

മാനം ......................

മണം ......................

ആഹാരം ......................

(പരന്നു, കഴിച്ചു, കറുത്തു)

അമ്മ പൂ പറിച്ചു. ആരതി മാല കോർത്തു.

......................യും ......................യും മാല ചൂടി.

 പൂവ്

 പൂക്കൾ

 ...................


 ...................

## പാടാം

നിമ്മി ചിരിച്ചു ഹി ഹി ഹി
അമ്മ ചിരിച്ചു ഹ ഹ ഹ
നിമ്മിയുമമ്മയും ഒത്തു ചിരിച്ചു
ഹ ഹ .. ഹി ഹി.. ഹൊ..ഹൊ..ഹോ...

## ചങ്ങാതിത്തത്ത

ഈ അക്ഷരങ്ങൾ വരുന്ന വാക്കുകൾ പാഠഭാഗത്തു നിന്ന് കണ്ടെത്തൂ.







# 4
# ഒരുമയുടെ ആഘോഷം

തെച്ചി പൂത്തു.
കണ്ണാന്തളിയും കാക്കപ്പൂവും വിരിഞ്ഞു.
പിച്ചിയും ജമന്തിയും
ചെമ്പകവും വിടർന്നു.
എങ്ങും പൂമണം പരന്നു.
പൂമ്പാറ്റകൾ പാറിപ്പറന്നു.
വണ്ടുകൾ മൂളിപ്പാട്ടു പാടി.
ഓണം വരവായി.

**പറയാമോ?**

ഏതെല്ലാം പൂക്കളാണ്
വിരിഞ്ഞത്?








## ഓണവിശേഷം

ഓണം വന്നു തിരുവോണം
കേരളനാടിൻ പൊന്നോണം
തുമ്പ ചിരിക്കും തിരുവോണം
തുമ്പികൾ തുള്ളും പൊന്നോണം
പൂവിളി കേൾക്കും തിരുവോണം
പൂക്കളിറുക്കും പൊന്നോണം
മാബലിയെത്തും തിരുവോണം
മാമല നാടിനു പൊന്നോണം
ഊഞ്ഞാലാടിപ്പാടി രസിക്കും
മലയാളത്തിൻ തിരുവോണം

## എന്തെല്ലാം വിശേഷങ്ങൾ

- തുമ്പ ചിരിക്കും
- ..........................................
- ..........................................
- ..........................................



## പൂവേ പൊലി പൂവേ

നാളെയാണ് സ്കൂളിലെ ഓണാഘോഷം.
അനഘയും ഉണ്ണിയും
പൂക്കൾ പറിക്കാൻ ഇറങ്ങി.
അവർ പാട്ടുപാടി പൂവിറുത്തു.

## പാടാം വരികൾ ചേർക്കാം

തുമ്പപ്പൂവേ പൂത്തിരളേ
നാളേക്കൊരുവട്ടി പൂ തരണേ
കാക്കപ്പൂവേ പൂത്തിരളേ
നാളേക്കൊരുവട്ടി പൂ തരണേ

..............................................

..............................................

..............................................

..............................................

പൂവേ പൊലി പൂവേ പൊലി
പൂവേ പൊലി പൂവേ






ഇന്ന് സ്കൂളിൽ ഓണാഘോഷമാണ്.

അനഘയും ഉനൈസും വട്ടി നിറയെ പൂക്കളുമായി എത്തി.

പൂക്കളം ഒരുക്കണം.
''കളം ഞാൻ വരയ്ക്കാം.''
മരിയ പറഞ്ഞു.

**നിറം നൽകാം**





## പൂക്കളം

നിറമുള്ള പൂക്കളം
ചന്തമുള്ള പൂക്കളം
വലിയ പൂക്കളം
ഞങ്ങളുടെ പൂക്കളം
ഒരുമയുടെ പൂക്കളം

## വായിക്കാം

| ഓണം | തിരുവോണം | പൊന്നോണം |
| --- | --- | --- |

## വാക്യം എഴുതാം

ഓണം വരവായി.

........................................ വരവായി.

........................................ വരവായി.





## ഘോഷയാത്ര

പൂക്കളം തീർത്തു.
ഇനി ഘോഷയാത്ര.

ചെണ്ടമേളം ഉയർന്നു.

രഘു മാവേലിയായി.

''അസ്സലായി.''
റിയാസ് പറഞ്ഞു.

നഗരം ചുറ്റി ഘോഷയാത്ര
സ്കൂളിൽ തിരിച്ചെത്തി.



## പറയാം

ഘോഷയാത്രയിൽ എന്തൊക്കെ കാഴ്ചകൾ?

## വായിക്കാം



മുത്തുക്കുട



പുലികളി



തോരണം



ഓലക്കുട



ചെണ്ട



കുഴൽ

## പറയാം എഴുതാം

ഘോഷയാത്ര തുടങ്ങി.

ചെണ്ടമേളം ഉയർന്നു.

മുത്തുക്കുടകൾ നിരന്നു.

പുലികളി .........................

...................................കെട്ടി.

...........................................

...........................................



## സ്കൂളിലെ ഓണാഘോഷം

''കുട്ടികളെല്ലാം മുറ്റത്തേക്കു വന്നോളൂ.
ഓണക്കളികൾ തുടങ്ങുകയായി.''
ഓമന ടീച്ചർ ഓർമിപ്പിച്ചു.
കസേരകളി, തലപ്പന്തുകളി,
കിളിത്തട്ട്, ഊഞ്ഞാലാട്ടം.......
എല്ലാവരും ഒപ്പം കൂടി
പല കളികൾ കളിച്ചു.

നേരം ഉച്ചയായി.
നല്ല മണം. പപ്പടം കാച്ചുന്ന മണം.
എല്ലാവരും കൈകഴുകി.
സദ്യ ഉണ്ണാൻ ഇരുന്നു.



ഇലയിട്ടു.

ചോറും കറികളും വിളമ്പി.

''പായസത്തിന് നല്ല മധുരം!''

ഊർമിള പറഞ്ഞു.


## പാടാം

ഓണക്കറികൾ പലതുണ്ടേ
പയ്യെപ്പയ്യെ വിളമ്പാം ഞാൻ
പരിപ്പു പപ്പടം ഉപ്പേരി
പച്ചടി കിച്ചടി സാമ്പാറ്
ഓലൻ കാളൻ പുളിയിഞ്ചി
രസവും മോരും അച്ചാറും
അടയും പഴവും പായസവും
ഓണസ്സദ്യ കെങ്കേമം




## എഴുതൂ

ഓണത്തിന് എന്തൊക്കെ വിഭവങ്ങൾ?




## വാക്യങ്ങൾ എഴുതാം

| | | |
|---|---|---|
| ഉമ | ഓണപ്പാട്ട് | ഉടുത്തു |
| ഊർമിള | ഓണക്കോടി | ഇട്ടു |
| ഉനൈസ് | ഓണപ്പൂക്കളം | ഉണ്ടു |
| ഉണ്ണി | ഓണസ്സദ്യ | പാടി |

ഉനൈസ് ഓണസ്സദ്യ ഉണ്ടു.

..................................................................

..................................................................

..................................................................

..................................................................



## ആഘോഷങ്ങൾ

സദ്യ ഉണ്ടു.
എല്ലാവരും ഞാവൽ മരത്തിന്റെ
ചുവട്ടിൽ ഒത്തുകൂടി.
ഉനൈസ് ഊഞ്ഞാലിൽ ഇരുന്നു.
ഊഞ്ഞാൽ ഉയർന്നുപൊങ്ങി.
എന്തു രസം!
''ഇനി എന്നാണ് ഇതുപോലെ
ഒരു ആഘോഷം?''
അനഘ ചോദിച്ചു.

''പെരുന്നാൾ ആഘോഷിച്ചില്ലേ?''
ആമിന പറഞ്ഞു.
''ഇനി ക്രിസ്മസ് എത്തും.
പുൽക്കൂട് ഒരുക്കണം.
നക്ഷത്രവിളക്ക് തൂക്കണം.''
മരിയ പറഞ്ഞു.





# പെരുന്നാൾ വിശേഷം

ആമിനയുടെ വീട്ടിൽ നോമ്പുതുറയാണ്.

കൂട്ടുകാരെല്ലാം വന്നിട്ടുണ്ട്.

നോമ്പു തുറന്നു.

എല്ലാവരും ഒന്നിച്ചു ഭക്ഷണം കഴിച്ചു.

“ഞായറാഴ്ചയാണ് പെരുന്നാൾ.

എല്ലാവരും വരണേ.”

ആമിനയുടെ ഉമ്മ പറഞ്ഞു.

പെരുന്നാൾ എത്തി.

പുതിയ ഉടുപ്പിട്ട് കൂട്ടുകാർ വന്നു.

ആമിനയും കൂട്ടുകാരും

മൈലാഞ്ചിയിട്ടു.



## ക്രിസ്മസ് ആഘോഷം

ക്രിസ്മസ് എത്തി.

.............................................

കരോൾ സംഘം പാട്ടു പാടി.

.............................................

ക്രിസ്മസ്കേക്ക് മുറിച്ചു.





## ഉത്സവമേളം


ഡുണ്ടും പട പട ഡുണ്ടും പട പട
ചെണ്ടമേളം ഉയർന്നു.
നെറ്റിപ്പട്ടം കെട്ടി,
മുത്തുക്കുട ചൂടി
കൊമ്പനാനകൾ.
മേളക്കാർ നിരന്നുനിന്നു.
തോരണം തൂക്കിയ വഴിയിലൂടെ
ഘോഷയാത്ര നീങ്ങി.
**ഠേ... ഠേ...** കതിനവെടി പൊട്ടി.
ഉത്സവച്ചന്തയിൽ ബലൂൺ,
പീപ്പി, മാല, വള,
പലഹാരങ്ങൾ...
ഉത്സവം പൊടിപൂരം.




നിങ്ങൾ കണ്ട
ഉത്സവത്തെക്കുറിച്ച്
പറയൂ. ചിത്രം വരയ്ക്കൂ.

## എഴുതാം









ഒട്ടകം ഓടി.



.........................................








പൂച്ച ഉരലിൽ കയറി.





## നിർമിക്കാം

### ചിരട്ടച്ചെണ്ട



ചിരട്ടയുടെ മുകളിൽ കട്ടിക്കടലാസ് വലിച്ചുകെട്ടൂ. ഇനി ഈർക്കിൽ കൊണ്ട് കൊട്ടി നോക്കൂ.


## പാടാം രസിക്കാം

### വാനിലുയർന്നു പറക്കട്ടെ

ചന്തമെഴുന്നൊരു മൂവർണക്കൊടി
വാനിലുയർന്നു പറക്കുന്നു
കുങ്കുമവും തൂവെള്ളയുമടിയിൽ
പച്ചയുമൊന്നായ്ച്ചേരുന്നു
നടുവിൽ നീലനിറത്തിൽ ചക്രം
വിളങ്ങിടുന്നൂ ചന്തത്തിൽ
നമ്മുടെ നാടിൻ പതാകയാണിത്
ഭാരതനാടിന്നഭിമാനം



## ചങ്ങാതിത്തത്ത




ബലൂണിലെ അക്ഷരങ്ങൾ കണ്ടില്ലേ. ഈ അക്ഷരങ്ങൾ വരുന്ന എത്ര പദങ്ങൾ ഉണ്ടാക്കാം?

# 5

# നന്നായി വളരാൻ

കടയിൽ വിൽക്കാനായി
ഗണേശൻ
പലതരം പലഹാരങ്ങൾ
ഉണ്ടാക്കി.
പല നിറത്തിൽ,
പല രൂപത്തിൽ,
പല സ്വാദിൽ.





പലഹാരങ്ങൾ ഭരണിയിലാക്കുന്ന ധൃതിയിലായിരുന്നു ഗണേശൻ.



ജിലേബിയും ലഢുവും നാടു കാണാൻ ഇറങ്ങി.





അഴുക്കുപുരണ്ട ജിലേബിയെയും ലഢുവിനെയും ഈച്ചകൾ പൊതിഞ്ഞു.




അവരെ
മറ്റു പലഹാരങ്ങൾ
അടുപ്പിച്ചില്ല.

മധുരിമ കടയിലെത്തി.
അഴുക്കുപുരണ്ട ലഡുവും
ജിലേബിയും മാറ്റിവച്ചു.



"നന്നായി മോളേ.
വൃത്തികേടായ ആഹാരം
കഴിച്ചാൽ അസുഖം വരും."
സുധ പറഞ്ഞു.
മധുരിമ ജിലേബിയും ലഡുവും
കുഴിയിലേക്ക് എറിഞ്ഞു.

തക്കം പാർത്തിരുന്ന കാക്ക ലഡുവും കൊത്തിപ്പറന്നു.

## പറയാമോ?

ലഡുവിനോടും ജിലേബിയോടും ഭരണിയിൽ
കയറേണ്ട എന്നു പറഞ്ഞത്
എന്തുകൊണ്ടായിരിക്കും?

## കണ്ടെത്താം

താഴെയുള്ള വാക്കുകൾ പാഠത്തിൽ
എവിടെയാണെന്ന് കണ്ടെത്തി വട്ടം വരയ്ക്കൂ.

| | | |
|---|---|---|
| പുരണ്ട | ധൃതിയിലായിരുന്നു | സുധ |
| ജിലേബി | ഈച്ചകൾ | മധുരിമ |
| വൃത്തികേടായ | അസുഖം | ലഡു |




## പാടാം രസിക്കാം



### പലഹാരവിശേഷം

മാനത്തമ്പിളി വട്ടത്തിൽ
പത്തിരി ദോശ ചപ്പാത്തി
പന്തുകണക്കെ കൊഴുക്കട്ട
പച്ചയുടുപ്പിട്ടിലയടയും
ഇഡ്ഡലി പുട്ട് നൂലപ്പം
മധുരം കിനിയും നെയ്യപ്പം
പലരൂപത്തിൽ പല വേഷത്തിൽ
പലഹാരങ്ങൾ നിരനിരയായ്







### വട്ടത്തിൽ ആരെല്ലാം?

| | |
|---|---|
| വട്ടത്തിൽ | ദോശ |
| വട്ടത്തിൽ | ................. |
| വട്ടത്തിൽ | ................. |

### എരിവുള്ളത്

എരിവുള്ള ഉള്ളിവട

.......................................................

.......................................................

## അഭിനയിക്കാം



പച്ചപ്പുളി കടിച്ചു തിന്നുന്നു.



ആഹാരം കഴിക്കുന്നതിനിടയിൽ
മുളക് കടിക്കുന്നു.



ഐസ്കട്ട കൈയിലെടുക്കുന്നു.



ചൂടുള്ള ചായ കുടിക്കുന്നു.



## ചൊല്ലി രസിക്കാം

പത്തിരി ചുട്ടു പാത്തുമ്മ
പതുങ്ങി എത്തി പൂച്ചമ്മ

എന്നിട്ടോ?

വീട്ടിൽ വളർത്തുന്ന
ജീവികൾ എന്തെല്ലാമാണ്
കഴിക്കാറുള്ളത്?

# പലഹാരവണ്ടി

ഇന്ന് സ്കൂളിന് അവധിയാണ്.
പലഹാരങ്ങൾ പാത്രത്തിലാക്കാൻ
മധുരിമയും സഹായിച്ചു.
ഗണേശൻ പലഹാരപ്പാത്രങ്ങൾ വണ്ടിയിൽ വച്ചു.
ഗണേശന്റെ പലഹാരവണ്ടി പുറപ്പെട്ടു.
ഇടവഴിയും റോഡും കടന്ന്
അങ്ങാടിയിലെത്തി.
ണിം... ണിം... ണിം...
വണ്ടി വേഗത്തിൽ നീങ്ങി.
ഔസേപ്പിന്റെയും സുഗുണന്റെയും കടകളിൽ
പലഹാരങ്ങൾ കൊടുത്തു.
അപ്പോഴേക്കും നേരം ഉച്ചയായി.



ഗ വരുന്ന വാക്കുകൾ കണ്ടെത്തി എഴുതൂ.




വിശന്നിട്ടു വയ്യ.
ഊണു കഴിക്കണം.
ഔതച്ചേട്ടന്റെ ഹോട്ടലിൽ കയറാം.
ഗണേശൻ കൈ കഴുകി വന്നു.
ഇലയിട്ടു. ഊണു വിളമ്പി.
തുമ്പപ്പൂപോലുള്ള ചോറ്.
സാമ്പാർ, അവിയൽ,
ഓലൻ, ഉപ്പേരി, അച്ചാർ, പപ്പടം....
വിഭവങ്ങൾ ഓരോന്നായി വിളമ്പി.
“ഇറച്ചിയോ മീനോ വേണോ?”
ഔതച്ചേട്ടൻ ചോദിച്ചു.
“മീൻ മതി.”

- ഗണേശൻ കഴിച്ചത് എന്തൊക്കെ?

വൈകുന്നേരമായി. പലഹാരങ്ങൾ വിറ്റ് ഗണേശൻ വീട്ടിലേക്ക് തിരിച്ചു.

പച്ചക്കറിക്കടയിൽ നിന്ന്

ഉള്ളി, ഉരുളക്കിഴങ്ങ്

പച്ചമുളക്, .................. , ..................,

.................. , .................. , .................. വാങ്ങി.




ശശിയുടെ കടയിൽനിന്ന് മുട്ടയും പാലും മുന്തിരിയും വാങ്ങണം.

## എഴുതാം

പാലും മുട്ടയും വാങ്ങി.

.................. .................. വാങ്ങി.

.................. .................. ..........

അച്ഛൻ വന്നു.
മധുരിമ ഓടിച്ചെന്ന് പൊതികൾ വാങ്ങി.

''ഹായ് മുന്തിരി!''

''നല്ലവണ്ണം കഴുകണേ... ''ഗണേശൻ പറഞ്ഞു.

## പറയാം

പഴങ്ങളും പച്ചക്കറികളും കഴുകി മാത്രമേ ഉപയോഗിക്കാവൂ. എന്തുകൊണ്ട്?

## ഒന്നിച്ചു പാടാം

അരിയും പയറും പച്ചക്കറിയും
പാലും പഴവും മുട്ടയുമെല്ലാം
എല്ലാം നമ്മൾക്കാവശ്യം
നന്നായ് വളരാനെന്നെന്നും





# എന്റെ ശീലങ്ങൾ

**മുഖം വരച്ചു ചേർക്കാം**

നിങ്ങൾ ചെയ്യുന്നതിന് 

ചെയ്യാത്തതിന് 

- നന്നായി ഉറങ്ങും.
- രാവിലെ നേരത്തേ ഉണരും.
- ദിവസവും പല്ല് തേയ്ക്കും.
- നഖം വെട്ടാറുണ്ട്.
- എന്നും കുളിക്കും.
- വൃത്തിയുള്ള വസ്ത്രം ധരിക്കും.






- കക്കൂസിൽ പോയശേഷം സോപ്പിട്ടു കൈ കഴുകും.
- ആഹാരത്തിന് മുമ്പും ശേഷവും കൈ കഴുകും.
- അധികനേരം തുറന്നുവച്ച ആഹാരം കഴിക്കില്ല.
- തിളപ്പിച്ചാറ്റിയ വെള്ളമേ കുടിക്കൂ.
- ബേക്കറിപ്പലഹാരങ്ങൾ അമിതമായി കഴിക്കാറില്ല.
- പഴങ്ങളും പച്ചക്കറികളും കഴുകി ഉപയോഗിക്കും.
- പഴകിയ ആഹാരം കഴിക്കാറില്ല.
- ആഹാരം ചവച്ചരച്ചേ കഴിക്കാറുള്ളൂ.
- ആഹാരം പാഴാക്കാറില്ല.












മധുരിമ സ്കൂളിലെ ബോർഡിൽ നല്ല ആഹാരശീലങ്ങൾ എഴുതി. എന്തെല്ലാം എഴുതിയിരിക്കും?



## പദങ്ങൾ കണ്ടെത്തി എഴുതാം

| | |
|---|---|
| രാധ | ഔസേപ്പ് |
| സുഖം | മേശ |
| ഗരുഡൻ | മധുരം |
| ഡപ്പി | ഇല |
| പശു | ഡയറി |
| ഔഷധം | ഈണം |
| ഇടിയപ്പം | മുഖം |
| ഈർക്കിൽ | രോഗം |


**അക്ഷരങ്ങൾ വരുന്ന പദങ്ങൾ എടുത്തെഴുതൂ.**

**കൂടുതൽ പദങ്ങൾ കണ്ടെത്തൂ.**

| ഇ | ഈ | ഔ | ഗ |
|---|---|---|---|
| .............. | .............. | .............. | .............. |
| .............. | .............. | .............. | .............. |
| .............. | .............. | .............. | .............. |

| ഖ | ഡ | ധ | ശ |
|---|---|---|---|
| .............. | .............. | .............. | .............. |
| .............. | .............. | .............. | .............. |
| .............. | .............. | .............. | .............. |

## ഏതെല്ലാം അപ്പങ്ങൾ




നെയ്യപ്പം

.............................

.............................

.............................


.............................

.............................

.............................

.............................  .............................  .............................

## ചിത്രത്തിന്റെ പേര് ചേർത്ത് പൂർത്തിയാക്കൂ

 .................... യിൽ  .................... ഇരുന്നു.

....................പറന്നു  ..................വിൽ എത്തി.

അഖില  .............. തിന്നു. അവൾക്ക് അസുഖം വന്നു.

 .................... കഴിച്ചു രോഗം മാറി.

## കഥ കേൾക്കാം


### കേശുവിന് പറ്റിയ അമളി

കേശു വിശന്നു തളർന്നു.
എന്തെങ്കിലും തിന്നണം.
വഴിയരികിൽ അതാ ഒരു എല്ലിൻകഷണം.
അവൻ കൊതിയോടെ അതു കടിച്ചെടുത്തു.
ഓടിയോടി തോട്ടിന്റെ കരയിൽ എത്തി.
തോട്ടിന് അക്കരെ ഈറ്റക്കാടിന് അപ്പുറത്ത്
ആളൊഴിഞ്ഞ ഒരു വീടുണ്ട്.
അതിനു പിറകിലാണ് കേശുവിന്റെ വാസം.
അവിടെ എത്തിയിട്ടു വേണം സമാധാനത്തോടെ എല്ല് തിന്നാൻ. തോട്ടിനു കുറുകെ ഒരു ഒറ്റത്തടിപ്പാലമുണ്ട്. സൂക്ഷിച്ചു നടന്നില്ലെങ്കിൽ വെള്ളത്തിൽ വീണതുതന്നെ. കേശു പാലത്തിലൂടെ സാവധാനം നടന്നു. തോട്ടിലെ വെള്ളത്തിൽ അതാ മറ്റൊരു നായ. എല്ലിൻകഷണം തട്ടിയെടുക്കാൻ വന്നതാവും. പേടിപ്പിച്ച് ഓടിക്കണം.


പിന്നെ ഒട്ടും താമസിച്ചില്ല.

''ബൗ.. ബൗ'' - നായയെ നോക്കി കേശു കുരച്ചു.

'പ്ധും' എല്ലിൻകഷണം തോട്ടിൽ വീണു.



# ചങ്ങാതിത്തത്ത




ഈ അക്ഷരങ്ങൾ വരുന്ന എത്ര പദങ്ങൾ എഴുതാം?